**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2983** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കലാ-സാംസ്കാരിക പൈതൃകങ്ങളിലേക്ക് യുവതലമുറയേയും സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (എ) | കേരളത്തിന്റെ പുരാതനവും സമ്പന്നവുമായ സംസ്കൃതിയുടെ അടയാളങ്ങൾ ഭാവി തലമുറയ്ക്കായി കാത്തു സൂക്ഷിക്കുന്നതിന് സമഗ്രവും സചേതനവുമായ ഒരു കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കുകയെന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരികയാണ്. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും നിലവിലുള്ള മ്യൂസിയങ്ങളേയും കോർത്തിണക്കി ഒരു മ്യൂസിയം ശൃംഖല സ്ഥാപിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിയ്ക്കുണ്ട്. കേരളത്തിന്റെ സാംസ്കാരിക വൈവിധ്യം, ചരിത്രം, കല തുടങ്ങിയവ പ്രദർശിപ്പിക്കുന്ന ഒരു കേരള ബ്രാൻഡ് സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുകയും നിലവിലുള്ളവയെ അതിനോട് ബന്ധിപ്പിക്കുകയും ചെയ്യുന്നത് വിനോദസഞ്ചാര മേഖലയെ പുഷ്ടിപ്പെടുത്തുമെന്നും ചരിത്ര സാംസ്കാരിക ഗവേഷണ വിദ്യാർത്ഥികൾക്ക് പഠന കേന്ദ്രമായി മാറുമെന്നും പ്രതീക്ഷിക്കുന്നു. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിനോദസഞ്ചാര വകുപ്പ് ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾക്കായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. എ) തിരുവനന്തപുരം കനകക്കുന്ന് പാലസിലെ ഡിജിറ്റൽ മ്യൂസിയം പദ്ധതിയ്ക്ക് 6.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബി) തിരുവനന്തപുരം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ ഡിജിറ്റൽ മ്യൂസിയത്തിനും കൺവെൻഷൻ സെന്ററിനുമായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ